# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

നെൻമാറയിൽ കൃഷി അഭിവൃദ്ധിപ്പെടുത്താൻ നടപടി

4358 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിലെ നെല്ലിയാമ്പതി ഒഴികെയുള്ള ഒമ്പത് പഞ്ചായത്തുകളിലും ജനങ്ങൾ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും ശാസ്ത്രീയമായി കൃഷി ഇറക്കുന്നതിനുമായി മുതലമടയിലെ സീഡ് ഫാം കേന്ദ്രമായി ഒരു 'കൃഷി വിജ്ഞാന കേന്ദ്രം' തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കൃഷി വിജ്ഞാന കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാടശേഖരങ്ങളിൽ രണ്ടാം കൃഷി</u>

4359 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന് ഇരുവശവുമുള്ള പാടശേഖരങ്ങളിൽ രണ്ടാംകൃഷിയില്ലാത്തതുമൂലം വെള്ളപ്പൊക്കം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെള്ളപ്പൊക്കം തടയുന്നതിന് പ്രസ്തുത പാടശേഖരങ്ങളിൽ രണ്ടാം കൃഷി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി</u>

4360 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിളകൾക്കെന്ന് വിശദമാക്കുമോ;

(ബി) തുടർച്ചയായുണ്ടാകുന്ന വിളനാശത്തിൽ നിന്ന് കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സമഗ്രകാർഷിക ഇൻഷ്വറൻസ് നടപ്പാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കർഷകരെയും കർഷക തൊഴിലാളികളെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>നെല്ല് സംഭരണ ഏജൻസികൾ</u>

4361 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് ; സംഭരണ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) സാമ്പത്തിക കുടിശ്ശിക ഉള്ളതിനാൽ സഹകരണ ബാങ്കുകൾ നെല്ല് സംഭരണം നിറുത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) നെല്ല് സംഭരിക്കാൻ കാർഷിക സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വിഷമുക്ത സുരക്ഷാ പച്ചക്കറി പദ്ധതി</u>

4362 ശ്രീ. ഷാഫി പറമ്പിൽ
'' സണ്ണി ജോസഫ്
'' എം. പി. വിൻസെന്റ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷന്റെ വിഷമുക്ത സുരക്ഷാ പച്ചക്കറി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇതിന് കേന്ദ്ര സഹായമുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിലാണ് ഇതു നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) എല്ലാ നഗരങ്ങളിലും ഈ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ പദ്ധതികൾ

4363

ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെയും ഇതിനായി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ വായ്പ

4364 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവരിൽ കേന്ദ്രദേശസാൽകൃതബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുത്തവരെ സംബന്ധിച്ചുള്ള കണക്കുകൾ ശേഖരിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ളവരുടെ വായ്പ എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇടുക്കി- വയനാട് പാക്കേജുകൾ</u>

4365 ശ്രീ.റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി-വയനാട് പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ജില്ലകളിലെ കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള സഹായ പദ്ധതികളിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

കൃഷിവകുപ്പിന്റെ പുന:സംഘടന

4366 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പ് കാലോചിതമായി പുന:സംഘടിപ്പിക്കണമെന്ന തീരുമാനം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

കൊല്ലം ജില്ലാതല കാർഷിക വിസന സമിതി

4367 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാതല കാർഷിക വിസന സമിതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ആരൊക്കെയാണ് സമിതിയിലെ അംഗങ്ങൾ എന്ന് അറിയിക്കുമോ;

(ബി) ജില്ലാ കാർഷിക വികസന സമിതിയോഗം ചേരാറുണ്ടോ; എങ്കിൽ അവസാനമായി യോഗം കൂടിയത് എന്നാണെന്നും ആരൊക്കെയാണ് പങ്കെടുത്തതെന്നുമുള്ള വിവരം നൽകുമോ;

(സി) ജില്ലാതല കാർഷിക വികസന സമിതിയുടെ പ്രധാന ചുമതലകളും അധികാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിലെ പ്രോജക്ടുകളുടെ കേന്ദ്രാനുമതി</u>

4368 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ഇതിനകം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന് സമർപ്പിച്ച പ്രോജക്ടുകളിൽ എത്രയെണ്ണത്തിന് ഇതുവരെ അനുമതി ലഭിച്ചിട്ടുണ്ട്;

(സി) അനുവദിച്ച പദ്ധതികൾക്കുവേണ്ടി പണം റിലീസ് ചെയ്തിട്ടുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജിൽപ്പെടുത്തി ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജില്‍പ്പെടുത്തി വളര്‍ത്തുമൃഗങ്ങളെ ലഭ്യമാക്കാന്‍ നടപടി</u>

4369 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കുട്ടനാട് പാക്കേജില്‍പ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ എല്ലാ കുടുംബശ്രീ യൂണിറ്റുകള്‍ക്കും ആട്, പശു, കോഴി, താറാവ്, എന്നിവ വളര്‍ത്തുന്നതിന് അവ ലഭ്യമാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നെൽകൃഷി വികസനം</u>

4370 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി, കരുവോട്ചിറ പാടശേഖരങ്ങളിൽ നെൽകൃഷി വികസനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കൃഷി വകുപ്പ് ഇതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കോൾ നിലങ്ങളുടെ വികസനം</u>

4371 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' സി.പി. മുഹമ്മദ്
'' റ്റി.എൻ. പ്രതാപൻ
'' ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിന് രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും സഹായം ലഭിക്കുമോ;

(സി) കേന്ദ്ര സഹായം ലഭിക്കുന്നതിനായി പ്രത്യേക കാർഷിക പാക്കേജ് പദ്ധതി കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കോൾനില കൃഷി പരിപാലനം</u>

4372 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾനില കൃഷി പരിപാലിക്കുന്നതിനായി അറ്റകുറ്റ പണികൾ നടത്തുന്നതിന് ഈ വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ .

(ബി) കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) എത്ര തുകയാണ് അധികമായി അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കാർഷികാഭിരുചി വളർത്താൻ നടപടി</u>

4373 ശ്രീ. പി. ഉബൈദുള്ള
'' കെ. എൻ. എ. ഖാദർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ കാർഷികാഭിരുചി വളർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി

4374 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് സ്കൂളുകൾക്ക് കൃഷി വകുപ്പ് നൽകി വരുന്നത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ജനിതകമാറ്റ പരിഷ്കരണവും പഠനവും</u>

4375 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനിതകമാറ്റ പരിഷ്കരണവും പഠനവും നടത്താൻ കേന്ദ്ര മന്ത്രാലയത്തിന്റെ ജനിറ്റിക്ക് എഞ്ചിനീയറിംഗ് അപ്രൈസൽ അതോറിറ്റി അനുമതി നൽകിയ ഭക്ഷ്യവിളകളിൽ കേരളത്തിലെ മുഖ്യാഹാര ധാന്യമായ അരിയും ഉൾപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി.ടി. വഴുതനയുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച വിവിധ പഠന റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ യുക്തമായ നിലപാട് സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കൃഷി ആഫീസര്‍മാരുടെ ഒഴിവുകള്‍</u>

4376 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷി ഭവനുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;

(ബി) എല്ലാ കൃഷി ഭവനുകളിലും കൃഷി ആഫീസര്‍മാരുടെ ഒഴിവുകള്‍ നികത്തിയിട്ടുണ്ടോ;

(സി) കൃഷി ആഫീസര്‍മാരുടെ ഒഴിവുകള്‍ പൂര്‍ണ്ണമായും നികത്തുന്നതിനും അതുവഴി കാര്‍ഷിക മേഖലയിലെ പദ്ധതിനിര്‍വ്വഹണം പൂര്‍ത്തീകരിക്കുന്നതിനും നപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ജൈവ പച്ചക്കറി കൃഷി

4377 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര കൃഷിഭവനുകളാണ് നിലവിലുള്ളത് ;

(ബി) പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷി ഭവനുകൾ മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന പഴം-പച്ചക്കറികളുടെ ഗുണനിലവാരം</u>

4378 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന പഴം, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് വില്പന നടത്തുന്ന പഴം-പച്ചക്കറികളിൽ മാരകമായ രാസവസ്തുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അധികദിവസം കേടുകൂടാതിരിക്കുന്നതിനായി ഇവയിൽ കാർബൈഡ് പോലുള്ള രാസവസ്തുക്കൾ ധാരാളമായി ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നു വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പഴം, പച്ചക്കറി എന്നിവ അതിർത്തിയിൽ വച്ചുതന്നെ പരിശോധിക്കാനും വിഷാംശങ്ങളും രാസവസ്തുക്കളും ഉപയോഗിച്ചിട്ടുള്ളവയെ തിരിച്ചയയ്ക്കുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേരളത്തിലേക്ക് വരുന്ന പഴം - പച്ചക്കറികളിൽ വ്യാപകമായി കീടനാശിനികൾ ഉപയോഗിക്കപ്പെടുന്നത് തടയാൻ നടപടി</u>

4379

ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് വരുന്ന പഴം - പച്ചക്കറികളിൽ വ്യാപകമായി കീടനാശിനികൾ ഉപയോഗിക്കപ്പെടുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പഴം - പച്ചക്കറികളിലെ വ്യാപക കീടനാശിനി പ്രയോഗം മൂലം സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

പഴം - പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

4380 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പഴം - പച്ചക്കറികളിൽ വർദ്ധിച്ച തോതിൽ കീടനാശിനിയുടെ അംശം കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) ജൈവ കൃഷിയിലൂടെ മാത്രം ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി</u>

4381 ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ആർ. സെൽവരാജ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എന്തു തുകയാണ് ഇതിനായി ചെലവഴിക്കുന്നത്; ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പാക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിൽ ആലപ്പുഴ ജില്ലയെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) തെങ്ങു കൃഷി കേന്ദ്രങ്ങളിൽ ഒന്നായ ആലപ്പുഴയെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇടുക്കി പാക്കേജ്</u>

4382 ശ്രീ. ജോസഫ് വാഴക്കൻ
'' ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതി എത്രയും വേഗം നടപ്പാക്കാൻ മോണിറ്ററിംഗ് ഏജൻസിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതിനായി ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

വിഷമുക്ത സുരക്ഷിത പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ നടപടി

4383 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ വിഷമുക്ത സുരക്ഷിത പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്രയെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വയനാട്ടിലെ ഏലം കർഷകരെ സഹായിക്കുന്നതിന് നടപടി</u>

4384 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിലെ ഏലം ലേല കേന്ദ്രമായിരുന്ന ഗ്രീൻ അഗ്രോയുടെ ലൈസൻസ് സ്പെസസ് ബോർഡ് പുതുക്കി നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏതു സ്ഥാപനത്തിന്റെ ലേല കേന്ദ്രത്തെയാണ് വയനാട്ടിലെ കർഷകർ ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം 200 കിലോഗ്രാമിൽ കുറഞ്ഞ ലോട്ടുകൾ ലേലത്തിനു വയ്ക്കാൻ സാധിക്കില്ല എന്ന നിലപാട് എടുത്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഡി) ഇതുമൂലം വയനാട്ടിലെ ചെറുകിട ഏലം കർഷകർ നേരിടുന്ന ചൂഷണങ്ങളിൽ നിന്നും അവർക്ക് സംരക്ഷണം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കരിനില കൃഷി</u>

4385 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട്, തകഴി കരിനില മേഖലകളിൽ എന്തെല്ലാം വികസന- ഉല്പാദന പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കരിനില കൃഷി ഏജൻസികളുടെ പ്രവർത്തനം എങ്ങനെ മുന്നോട്ട് നയിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കരിനില കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; പുതിയ ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കുന്ന</u>
<u>ആർ.കെ.വി.വൈ പദ്ധതി</u>

4386 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ആർ.കെ.വി.വൈ.യിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് വൈപ്പിൻ മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ളത്; പുതുതായി ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ ഏജൻസികൾ</u>

4387 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം കാർഷിക മേഖലയ്ക്ക് എന്തുമാത്രം ഗുണം ചെയ്തുവരുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങളും അതിന്റെ പ്രയോജനങ്ങളും സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ സംവിധാനങ്ങൾ വഴി എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് ലഭിക്കുക; ഇവ കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം പര്യാപ്തമാണോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണം</u>

4388 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ കാർഷിക യന്ത്രങ്ങളും, ഉപകരണങ്ങളും വിൽക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) കോർപ്പറേഷനിൽ ഇപ്പോൾ നടപ്പിലാക്കിയ ശമ്പളപരിഷ്കരണത്തിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി കോൾ മേഖലയിൽ സ്ഥിരം ബണ്ട്</u>

4389 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ മേഖലയിൽ സ്ഥിരം ബണ്ടില്ലാത്തതു മൂലം കർഷകർ ദുരിതമനുഭവിക്കുന്നതും നിരന്തരം കൃഷി നാശം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മലബാറിലെ പ്രധാന നെല്ലുൽപാദന പ്രദേശമായ പൊന്നാനി കോൾ മേഖലയിൽ കോൾ പടവുകൾക്ക് സ്ഥിരം ബണ്ട് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ മുല്ലമാട് കോൾ പടവിൽ പതിറ്റാണ്ടുകളായി സ്ഥിരം ബണ്ടിന് ആവശ്യമുയരുന്നത് ശ്രദ്ധയിലുണ്ടോ;

(ഡി) എങ്കിൽ മുല്ലമാട് കോൾ പടവിന് സ്ഥിരം ബണ്ടിനുള്ള തുക വകയിരുത്തി അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപടി</u>

4390 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പതിനായിരക്കണക്കിന് ഹെക്ടർ സ്ഥലം തരിശ് കിടക്കുന്നത്, യന്ത്രവത്ക്കരണത്തിലൂടെ ഫലഭൂയിഷ്ഠമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി

4391 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇളനീരിന്റെ ഉപഭോഗത്തിന് അന്താരാഷ്ട്ര തലത്തിൽ തന്നെ പ്രാധാന്യം വർദ്ധിച്ചു വരുന്നതു സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കരിക്ക് ഉല്പാദന വിപണന രംഗത്തെ പുരോഗതിക്കായി സർക്കാർ ഇപ്പോൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) റബ്ബർ ഉല്പാദക സംഘങ്ങളുടെ മാതൃകയിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നാളീകേര ഉല്പാദക സംഘങ്ങൾ രൂപീകരിക്കാൻ സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ ഇപ്പോഴ്ത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(എഫ്) പുതു തലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കാനും തെങ്ങുകയറ്റത്തിന് ആളെ കിട്ടാത്ത അവസ്ഥ ഒഴിവാക്കാനും ''തെങ്ങിന്റെ ചങ്ങാതിക്കൂട്ടം'' പദ്ധതി എത്രത്തോളം പ്രയോജനകരമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇളനീരിന്റെ വിപണന സാധ്യതകള്‍</u>

4392 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇളനീരിന്റെ സാധ്യതകള്‍ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികള്‍ ആവിഷ്ക്കരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) കരിക്ക് ഉല്‍പ്പാദനത്തിനും വിപണനത്തിനും കര്‍ഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിൽ വരുത്തിയ മാറ്റം

4393 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) നെല്ല്, റബ്ബർ, കശുമാവ് എന്നിവയുടെ ഉല്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷികരംഗത്തെ പുരോഗതി</u>

4394 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മറ്റു സംസ്ഥാനങ്ങളില്‍ ഉണ്ടായ കാര്‍ഷികപുരോഗതിയുമായി തട്ടിച്ചുനോക്കുമ്പോള്‍ കേരളം കാര്‍ഷികരംഗത്ത് വേണ്ടത്ര പുരോഗതി നേടിയിട്ടില്ല എന്ന വസ്തുത സംബന്ധിച്ച് വിലയിരുത്തല്‍ നടത്തുമോ;

(ബി) കാര്‍ഷികമേഖലയില്‍ കാലാനുസൃതം വരുത്തേണ്ട മാറ്റങ്ങളും യന്ത്രവല്‍കരണവും നടപ്പിലാക്കാത്തതിന്റെ ഫലമായി ഭക്ഷ്യോല്പാദനരംഗത്ത് സ്വയംപര്യാപ്തത നേടാന്‍ കഴിയാതെ പോയി എന്ന് സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കാര്‍ഷികപുരോഗതിക്കായി സര്‍ക്കാര്‍ പുതിയ പദ്ധതികള്‍ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക രംഗത്ത് തൊഴിലാളികളുടെ അഭാവം</u>

4395

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷിക മേഖലയില്‍ വിദഗ്ദ്ധരായ തൊഴിലാളികളുടെ ലഭ്യത കുറവുമൂലം കാര്‍ഷിക മേഖല തകര്‍ച്ചയുടെ വക്കിലാണ് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കരകൃഷികള്‍ക്കു കൂടി ചെറുകിട യന്ത്രങ്ങള്‍ അതാത് പ്രദേശങ്ങളിലേയ്ക്ക് യോജിച്ച തരത്തില്‍ നിര്‍മ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം കാര്‍ഷിക സര്‍വ്വകലാശാലയുമായി ബന്ധപ്പെടുത്തി ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനം</u>

4396 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിലൂടെയും പൊതുസ്ഥാപനങ്ങളിലൂടെയും പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കൃഷി വകുപ്പ് നിരോധിച്ച കീടനാശിനികൾ</u>

4397 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദൂഷ്യഫലങ്ങൾ ഉളവാക്കുന്നതും കൃഷിവകുപ്പ് നിരോധിച്ചതുമായ കീട-കള-കുമിൾ നാശിനികൾ ഏതെല്ലാമാണ് ;

(ബി) നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിയിടങ്ങളിൽ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

രാസവളങ്ങളുടെ വിലവർദ്ധനവ്

4398 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ഫാക്ടംഫോസ്, പൊട്ടാഷ്, യൂറിയ തുടങ്ങിയ രാസവളങ്ങൾക്ക് കിലോയ്ക്ക് എത്ര രൂപ നിരക്കിലാണ് വില വർദ്ധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വിലനിലവാരം</u>

4399 ശ്രീ. ഇ. പി. ജയരാജൻ
,, രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർ ഇപ്പോൾ രാസവളങ്ങളെ കൂടുതലായി ആശ്രയിക്കുന്നുണ്ടോ ;

(ബി) രാസവളങ്ങളുടെ ഉപയോഗത്തിലെ ഏറ്റകുറച്ചിലുകളെ സംബന്ധിച്ച് ഔദ്യോഗിക കണക്കുകൾ അനുസരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന രാസവളങ്ങൾ ഓരോന്നിന്റേയും ഇപ്പോഴത്തെ വിലനിലവാരവും അവയ്ക്ക് അഞ്ചു വർഷം മുമ്പുണ്ടായിരുന്ന വിലനിലവാരവും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

□വീട്ടിൽ ഒരു മാവ്□ പദ്ധതി

4400 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) □വീട്ടിൽ ഒരു മാവ്□ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഏത് തരം മാവിൻതൈ ആണ് ഇതിലേക്കായി വിതരണം ചെയ്യുന്നത്; ഈ തൈ എവിടെ വികസിപ്പിച്ചെടുത്തതാണ് എന്നറിയിക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ മണ്ണിന്റെ ഘടനയനുസരിച്ച് ഏറ്റവും അനുയോജ്യമായ ഇനമാണോ നല്കുക എന്ന് അറിയിക്കാമോ; വടക്കേ മലബാറിലെ ഏറ്റവും സ്വാദിഷ്ടമായ കുറ്റ്യാട്ടൂർ മാവിൻതൈകൾ ഇതിനായി ഉപയോഗപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രത്യേക തൊഴിൽദാന പദ്ധതി</u>

4401 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1995-ൽ കാർഷിക മേഖലയിൽ ആരംഭിച്ച യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം എത്ര പേർക്ക് തൊഴിൽ നൽകി എന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിൽ എത്ര യുവജനങ്ങൾക്കാണ് അംഗത്വ കാർഡ് നൽകിയിട്ടുള്ളത്; ഇതിൽ തൃശൂർ ജില്ലയിൽ എത്ര പേർക്കാണ് അംഗത്വം നൽകിയിട്ടുള്ളത്;

(സി) ഇപ്പോൾ പദ്ധതി നിലവിൽ ഇല്ലെങ്കിൽ അംഗത്വ ഫീസായി അടയ്ക്കപ്പെട്ടിട്ടുള്ള തുക തൊഴിലാളികൾക്ക് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങൾ എടുക്കുന്ന ജപ്തി നടപടികൾ</u>

4402

ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷന്റെ ഉത്തരവ് നിലനിൽക്കെ തന്നെ ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഇത്തരം സമീപനം സ്വീകരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഭരണ ചേതനാ കേന്ദ്രങ്ങൾ</u>

4403 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ഭരണ ചേതനാ കേന്ദ്രങ്ങൾ ആണ് കൃഷി വകുപ്പ് നിർമ്മിച്ചത്;

(ബി) ഇവ ഇപ്പോൾ ആരുടെ കൈവശത്തിലാണുള്ളത്;

(സി) ഇവ എന്തിന് വേണ്ടിയാണ് നിർമ്മിച്ചത്;

(ഡി) ഇതുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

പഴം പച്ചക്കറികളുടെ വിലവർദ്ധന

4404 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴങ്ങളുടെയും വില ക്രമാതീതമായികുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011 മെയ് മാസത്തിൽ ആപ്പിൾ, മാങ്ങ, ഓറഞ്ച്, മുസാമ്പി, പൈനാപ്പിൾ, മൈസൂർപ്പഴം, കദളിപ്പഴം, നേന്ത്രപ്പഴം, വെളുത്ത മുന്തിരി, മത്തൻ, വെണ്ട, വഴുതന, തക്കാളി, കാബേജ്, കോവക്ക, മുരിങ്ങക്ക എന്നിവയുടെ വില എത്രയാണെന്നും 2011 ഒക്ടോബർ മാസത്തിൽ ഇവയുടെ വില എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) വിലക്കയറ്റം എന്തുകൊണ്ടാണുണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കൊയ്ത്ത്, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

4405 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൊയ്ത്തുകാരുടെ ക്ഷാമമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊയ്ത്ത്, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്നു നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കര്‍ഷക കടാശ്വാസ കമ്മീഷന് അനുവദിച്ച തുക</u>

4406 ശ്രീ. ജി.എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷക കടാശ്വാസ കമ്മീഷനില്‍ ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായി ലഭിച്ച എത്ര അപേക്ഷകള്‍ ഇനി തീര്‍പ്പ് കല്‍പ്പിക്കുവാനായി അവശേഷിക്കുന്നുണ്ട് ; വിശദാംശം അറിയിക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കര്‍ഷക കടാശ്വാസ കമ്മീഷന് എത്ര രൂപ നല്‍കുകയുണ്ടായി എന്ന് അറിയിക്കുമോ ;

(സി) ഏതൊക്കെ വിഭാഗത്തില്‍പ്പെട്ടവര്‍ക്കാണ് കര്‍ഷക കടാശ്വാസ കമ്മീഷനില്‍ നിന്നും സഹായം നല്‍കി വരുന്നത് ; സഹായം നല്‍കുന്നതിന്റെ മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ് ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>പ്രൊട്ടക്റ്റഡ് കൾട്ടിവേഷൻ</u>

4407 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപാദനരംഗത്തേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് നൂതന പദ്ധതികൾക്ക് രൂപം നൽകുമോ ;

(ബി) ഇതിന്റെ ഭാഗമായി ഏതു കാലാവസ്ഥയിലും പച്ചക്കറി കൃഷി ചെയ്യാൻ ഉതകുന്ന വിധം 'പ്രൊട്ടക്റ്റഡ് കൾട്ടിവേഷൻ' രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ; പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാകുമോ ;

(ഡി) പദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തികൾക്ക് രൂപം നൽകും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

വളം ക്ഷാമം പരിഹരിക്കാൻ നടപടി

4408 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വളം ക്ഷാമം സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) നിവേദനങ്ങൾ നൽകിയവരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ചർച്ചയുടെ വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ഈ പ്രശ്നം പരിഹരിക്കാൻ നോഡൽ ഏജൻസിയെ നിയമിക്കുവാൻ നടപടിയെടുക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>വാട്ടർഷെഡ് പദ്ധതികൾ</u>

4409 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്തിൽപ്പെട്ട കൊരട്ടിച്ചാൽ, മേലൂർ പഞ്ചായത്തിലെ ചീമേനി വാട്ടർഷെഡ് എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

മണ്ണുസംരക്ഷണ വകുപ്പികലഅഡീഷണൽ ഡയറക്ടർ തസ്തിക

4410 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പിൽ 2011 മാർച്ച് മാസത്തിൽ അഡീഷണൽ ഡയറക്ടർ വിരമിച്ചശേഷം പ്രസ്തുത തസ്തികയിലേക്ക് ആരെയും ഇതുവരെ പ്രൊമോഷൻ നൽകി നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വകുപ്പിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് അടിയന്തിരമായി പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

മണ്ണ് സംരക്ഷണ പദ്ധതികൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

4411 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികൾ ഓരോ ജില്ലക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ആർ.ഐ.ഡി.എഫ് -ൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തൃശൂർ ജില്ലയിൽ നടപ്പാക്കിയ മണ്ണുസംരക്ഷണ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മത്സ്യക്കുളം നിർമ്മാണം</u>

4412 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ തീരങ്ങളിൽ മത്സ്യക്കുളം നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലയിൽ അനുമതി നൽകിയിട്ടുണ്ടോ; ആർക്കെല്ലാമാണ് അനുമതി നൽകിയത്; എത്ര പേർക്ക് എത്ര ഏക്കർവീതം ഇതിനായി നൽകുകയുണ്ടായി;

(ബി) മത്സ്യക്കുളം നിർമ്മാണത്തിന്റെ മറവിൽ മണൽ വ്യാപാരം നടത്തുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക സര്‍വ്വകലാശാലയുടെ ഗവേഷണ കേന്ദ്രം</u>

4413 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക സര്‍വ്വകലാശാലയുടെ ഒരു ഗവേഷണ കേന്ദ്രം ശ്രീകൃഷ്ണപുരത്ത് ആരംഭിക്കേണ്ടതിന്റെ ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യത്തിന്മേല്‍ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേരള കാർഷിക സർവ്വകലാശാല വക ഫാമുകളിൽ നിയമനം</u>

4414 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ഫാമുകളിൽ തൊഴിലാളികളെ നിയമിക്കുന്നതിന് തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നല്കി ;

(ബി) നിലവിലുള്ള ഒഴിവുകളിൽ എന്ന് നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ ;

(സി) ക്ലാസ് 4 തസ്തികയിലെ 50% ഒഴിവുകളിൽ തൊഴിലാളികളിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വെറ്ററിനറി സർവ്വകലാശാല</u>

4415 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) തലസ്ഥാനത്ത് വെറ്ററിനറി സയൻസിലോ ഡയറി ടെക്നോളജിയിലോ കോഴ്സുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) തെക്കൻ കേരളത്തിൽ ഇത്തരത്തിൽ ഒരു കോളേജ് ഉണ്ടാകേണ്ടതിന്റെ ആവശ്യം പരിഗണിച്ച് ഇതിൻമേൽ അനുകൂല തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കാഷ്വൽ തൊഴിലാളികളുടെ നിയമനം</u>

4416 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജ്, പിലിക്കോട്, നീലേശ്വരം ഫാം എന്നിവിടങ്ങളിലേക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ പരീക്ഷകൾ നടത്തിയതിനുശേഷം നിയമനത്തിന് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ഒഴിവുകളാണ് ഇപ്പോൾ ഉളളതെന്ന് വ്യക്തമാക്കാമോ;

(ഡി) കാഷ്വൽ തൊഴിലാളികളുടെ നിയമനം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക സർവ്വകലാശാല നിയമനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം</u>

4417 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. സത്യൻ
,, സാജു പോൾ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല നിയമനങ്ങളിൽ പട്ടിക ജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് സർവ്വകലാശാല അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ തസ്തിക തിരിച്ചുള്ള പ്രാതിനിധ്യം വ്യക്തമാക്കാമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ അവസാനമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത് എപ്പോഴാണ് ; നടത്തിയ നിയമനങ്ങൾ, എണ്ണം, എന്നിവ തസ്തിക തിരിച്ച് അറിയിക്കുമോ ;

(ഡി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം എത്ര പ്രാവശ്യം ക്യാൻസൽ ചെയ്തിട്ടുണ്ട് ; ക്യാൻസൽ ചെയ്യാനുള്ള കാരണം വിശദമാക്കാമോ ;

(ഇ) 19.11.89ലെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടിയുള്ള വിജ്ഞാപനപ്രകാരം നടത്തിയ നിയമനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ; ഈ വിജ്ഞാപനത്തിന് ആധാരമായ അസ്സസ്സ്മെന്റ് പ്രകാരം കണ്ടെത്തിയ പ്രാതിനിധ്യക്കുറവുള്ള തസ്തികകളും എണ്ണവും അറിയിക്കുമോ ; ഈ പ്രാതിനിധ്യക്കുറവ്പൂർണ്ണമായും പരിഹരിച്ചോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് നടപടി

4418 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുളള പിലിക്കോട്, നീലേശ്വരം പ്രാദേശിക ഗവേഷണകേന്ദ്രത്തിലെ കെട്ടിടവും സ്ഥലവും ഉപയോഗിച്ച് അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് അരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തിൽ വിതരണം ചെയ്ത
കോഴികളുടെ എണ്ണം

4419

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വിവിധ പദ്ധതികളിലായി മുൻസർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത കോഴികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പദ്ധതികളുടെ പേരും പഞ്ചായത്തു തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനു ശേഷം മുട്ട ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പദ്ധതികൾ മോണിറ്റർ ചെയ്യാനായി നിലവിൽ എന്തു സംവിധാനമാണുള്ളത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഗ്രാമം നിറയെ കോഴി

4420 ശ്രീ.പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമം നിറയെ കോഴി എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണ് ;

(ബി) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഇതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ ലൈവ്സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ

4421 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലൈവ്സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സെന്ററിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇപ്പോൾ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ക്ഷീരകർഷകർക്ക് ബാങ്ക് ലോൺ ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് പ്രസ്തുത കേന്ദ്രത്തിൽനിന്നും നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വന്ധ്യതാ നിവാരണ കേന്ദ്രത്തിന് കെട്ടിടം</u>

4422 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ കോഴിക്കോട് വെള്ളിമാട് കുന്നിൽ പ്രവർത്തിക്കുന്ന വന്ധ്യതാ നിവാരണ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം, വാഹനം എന്നിവ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ആനകൾക്ക് ഹെർപസ് വൈറസ് രോഗം</u>

4423 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ.കെ. വിജയൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആനകൾക്ക് ഹെർപസ് വൈറസ് രോഗം പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത രോഗത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് വിശദമാക്കുമോ ;

(സി) ഈ രോഗത്തെ പ്രതിരോധിക്കുന്നതിന് ഏതെല്ലാം രീതിയിലുള്ള ചികിത്സാ രീതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഹൈടെക് ഡയറി ഫാം</u>

4424 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാട്ടുപ്പെട്ടിയിലെ ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(ബി) ഇവിടെ നിന്നുള്ള ഉത്പാദനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ മിൽക്ക് റിക്കാർഡർമാരുടെ നിയമനം</u>

4425 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ മിൽക്ക് റിക്കാർഡർമാരായി എത്രപേർ എന്ന് മുതൽ എവിടെയൊക്കെ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കുമോ; ഇവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തിനായി പ്രതിമാസം ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസായി 1750 രൂപയ്ക്ക് പകരം 650 രൂപ നൽകിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിലെ സി. എ.

4426 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൻ കീഴിൽവരുന്ന കെ. എൽ. ഡി. ബോർഡ് (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ്), കെ. എസ്. പി. ഡി. സി. (കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ) തുടങ്ങിയ സ്ഥാപനങ്ങളിൽ നിലവിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇത്തരം സ്ഥാപനങ്ങളിൽ സി.എ.മാരുടെ എണ്ണം നിശ്ചയിക്കുന്നത് അംഗീകൃത സ്റ്റാഫ് പാറ്റേണിന് അനുപാതികമായിട്ടാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് കെ. എൽ. ഡി. ബോർഡിൽ യഥാസമയം ട്രാൻസ്ഫർ നടത്താറുണ്ടോ; എങ്കിൽ സി. എ.മാരുടെ ട്രാൻസ്ഫർ ഏറ്റവും അവസാനം നടന്നതെന്നാണ്; തുടർച്ചയായി എത്ര വർഷത്തെ സർവ്വീസുള്ളവരെയാണ് സ്ഥലം മാറ്റുന്നത് എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മൃഗാശുപത്രികൾക്ക് കെട്ടിടം</u>

4427 ശ്രീമതി കെ. എസ് സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മൃഗാശുപത്രികൾക്ക്, എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കന്നുകാലികളുടെ കൃത്രിമ ബീജദാനസൗകര്യം കർഷകരുടെ വീട്ടു പടിയ്ക്കൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്'

4428 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' എന്ന പദ്ധതിപ്രകാരം എത്ര സ്കൂളുകളിൽ എത്ര കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പദ്ധതി ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുണ്ടെങ്കിൽ, തളിപ്പറമ്പു നിയോജക മണ്ഡലത്തിലെ നിർദ്ദേശിക്കപ്പെട്ട സ്കൂളുകളിൽ എന്തുകൊണ്ടാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കെ.എൽ.ഡി.സി. യ്ക്ക് പ്രത്യേക ഫണ്ട്</u>

4429 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡവലപ്മെനറ് കോർപ്പറേഷന് (കെ.എൽ.ഡി.സി) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിച്ചു നൽകാറുണ്ടോ ; ഏത് ഹെഡ് ഓഫ് അക്കൗണ്ട് മുഖേനയാണ് ഫണ്ട് നൽകിവരുന്നത് ; ആയത് കെ.എൽ.ഡി. സി. യ്ക്ക് മാത്രമുള്ള ഹെഡ് ആണോ;

(ബി) മറ്റ് ഡിപ്പാർട്ട്മെന്റുകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്നും കെ.എൽ.ഡി.സി. യ്ക്ക് പണം നൽകാൻ നിർദ്ദേശിക്കുമ്പോൾ കെ.എൽ.ഡി.സി. യുടെ പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ടോ ;

(സി) കെ.എൽ.ഡി.സി. സമർപ്പിച്ച എത്ര പ്രോജക്ടുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; എത്ര കോടി രൂപയുടെ പ്രോജക്ടുകളാണ് കെ.എൽ. ഡി.സി. സമർപ്പിച്ചിരിക്കുന്നത് എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

കെ.എൽ.ഡി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ്

4430 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന് 2006-07 സാമ്പത്തിക വർഷം മുതൽ നാളിതുവരെ എത്ര തുക കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട് എന്ന സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക എന്തിനെല്ലാം വേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കെ.എൽ.ഡി ബോർഡിൽ ഏതൊക്കെ തസ്തികയിൽ എത്ര പേർ സേവനം അനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തിനുവേണ്ടി പ്രതിമാസം എന്തു തുക ചെലവഴിക്കുന്നുവെന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

4431 ശ്രീ.പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നു ; പ്രസ്തുത സ്ഥാപനങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് വിശദമാക്കുമോ ;

(ബി) കുളത്തൂപ്പുഴ ഫാമിൽ കന്നുകാലികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഗസറ്റ് വിജ്ഞാപനത്തിലെ കാലതാമസം</u>

4432 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗസറ്റ് വിജ്ഞാപനത്തിന് നേരിടുന്ന കാലതാമസം മൂലം അവകാശ സർട്ടിഫിക്കറ്റുകളും മറ്റും വളരെ വൈകി മാത്രമേ അപേക്ഷകർക്കു ലഭ്യമാകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>അച്ചടി വകുപ്പിനെ സംബന്ധിച്ച - ശമ്പള കമ്മീഷൻ ശുപാർശ</u>

4433 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9-ാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ അച്ചടിവകുപ്പിനെ സംബന്ധിക്കുന്ന പേജ് നമ്പർ 533ൽ ഖണ്ഡിക 7.65.2; 7.65.3(ശ) എന്നീ നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സെക്രട്ടേറിയറ്റ് ജീവനക്കാരെ സംബന്ധിക്കുന്ന പേജ് നമ്പർ 127-ൽ 7.3(മ).2.(ശ)ൽ ശമ്പളകമ്മീഷൻ നൽകിയിട്ടുള്ള ശുപാർശകൾ നടപ്പാക്കിയിട്ടുണ്ടോ;

(ഡി) അച്ചടി വകുപ്പിനെ സംബന്ധിച്ച 7.65.3(ശ)-ലെ നിർദ്ദേശങ്ങൾ എപ്പോൾ നടപ്പാക്കും എന്ന് വ്യക്തമാക്കുമോ?